**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 535** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഔദ്യോഗിക ഭേദഗതികള്‍ ഭരണഘടന അനുസൃതമാണെന്ന് ഉറപ്പാക്കുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആര്‍ മഹേഷ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി)** | |
| (എ) | നിയമ നിര്‍മ്മാണ പ്രക്രിയയുടെ ഭാഗമായി മന്ത്രിമാര്‍ സഭയില്‍ അവതരിപ്പിക്കുന്ന ഔദ്യോഗിക ഭേദഗതികള്‍ നിയമവകുപ്പ് പരിശോധിച്ച് അംഗീകാരം നല്‍കാറുണ്ടോ; | (എ) | ബന്ധപ്പെട്ട ഭരണവകുപ്പില്‍ നിന്നും ഭേദഗതി അവതരിപ്പിക്കേണ്ടതു സംബന്ധിച്ച മന്ത്രിയുടെ ഉത്തരവ് നിയമവകുപ്പില്‍ ലഭിക്കുന്ന സന്ദര്‍ഭത്തില്‍ പരിശോധിച്ച് അംഗീകാരം നല്‍കാറുണ്ട്. |
| (ബി) | സര്‍ക്കാരിന്റെ നിര്‍ദ്ദേശമെന്ന നിലയില്‍ മന്ത്രിമാര്‍ സഭയില്‍ അവതരിപ്പിക്കുന്ന ഔദ്യോഗിക ഭേദഗതികള്‍ ഭരണഘടന അനുസൃതമാണെന്ന് ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | നിയമവകുപ്പ് മാന്വലിന്റെ അദ്ധ്യായം III, ഖണ്ഡിക 10 ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്: “നിയമസഭയില്‍ അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞ ഒരു ബില്ലിന് ഭേദഗതി അവതരിപ്പിക്കേണ്ടതുണ്ടെന്ന് പറഞ്ഞു കൊണ്ടുള്ള മന്ത്രിയുടെ ഉത്തരവ് ബന്ധപ്പെട്ട ഭരണവകുപ്പില്‍ നിന്നും ലഭിക്കുമ്പോള്‍, നിയമവകുപ്പ് നിര്‍ദ്ദിഷ്ട ഭേദഗതി പരിശോധിക്കേണ്ടതും, നിയമതടസ്സം ഒന്നുമില്ലാത്തപക്ഷം, ആ ഭേദഗതിയുടെ കരട് ശരിയായ രൂപത്തില്‍ തയ്യാറാക്കേണ്ടതും കരട് ഭേദഗതിയുടെ ഒരു പകര്‍പ്പ് നിയമസഭാ സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. ഭേദഗതിയുടെ ഒരു പകര്‍പ്പ് മന്ത്രിയുടെ അറിവിലേക്കായി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കും മറ്റൊരു പകര്‍പ്പ്, നിര്‍ദ്ദിഷ്ട ഭേദഗതി ഏതു ഭരണവകുപ്പില്‍ നിന്നാണോ ലഭിച്ചത് ആ വകുപ്പിനും അയച്ചുകൊടുക്കേണ്ടതാണ്.”. മേല്‍ വ്യവസ്ഥ പ്രകാരമുള്ള നടപടികളാണ് ഇക്കാര്യത്തില്‍ സ്വീകരിക്കുന്നത്. |

സെക്ഷന്‍ ഓഫീസര്‍